വ്യാപാരികളുടെ കടകൾ. നികുതി വെട്ടിക്കുന്നു എന്ന് വ്യക്തമായി ശേഖരിക്കുന്ന വിവരങ്ങളുടെ അടിസ്ഥാനത്തിൽ. പരിശോധിക്കാറുണ്ട്. സ്വർണ്ണാഭരണ വ്യാപാരരംഗത്ത് നികുതി വെട്ടിപ്പ് നടത്തുന്നതായി സംശയിക്കപ്പെടുന്ന വ്യാപാര സ്ഥാപനങ്ങളിൽ വാണിജ്യ നികുതി ഇന്റലിജൻസ് വിഭാഗവും ഇൻവെസ്റ്റിഗേഷൻ വിഭാഗവും കട പരിശോധന നടത്തുകയും നികുതി വെട്ടിപ്പ് നടത്തുന്നതായി കണ്ടുപിടിക്കപ്പെട്ട വ്യാപാര സ്ഥാപനങ്ങൾക്കെതിരെ പിഴ ഉൾപ്പെടെയുള്ള കർശനമായ നിയമനടപടികൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്.

(ബി) നികുതി വെട്ടിപ്പ് തടയുന്നതിനായി നടത്തുന്ന കടപരിശോധന വഴി കണ്ടുപിടിക്കുന്ന കുറ്റകൃത്യങ്ങളിൽനിന്നും സർക്കാരിന് ലഭിക്കേണ്ട അധിക വരുമാനം മുൻകൂട്ടി കണക്കാക്കാൻ സാധിക്കില്ല. ആയതിനാൽ ഈ സാമ്പത്തിക വർഷത്തിൽ ഈ ഇനത്തിൽ നിശ്ചിത അധിക വരുമാനം ലക്ഷ്യമിട്ടിരുന്നില്ല.

(സി&ഡി) ഈ ഇനത്തിൽ അധിക വരുമാനം ലക്ഷ്യമിട്ടിരുന്നില്ല. നടപ്പുവർഷം ലഭിച്ച നികുതി വരുമാനം മുൻവർഷം ഇതേ കാലയളവിൽ ലഭിച്ച വരുമാനത്തേക്കാൾ കൂടുതലാണ്.

മൂല്യവർദ്ധിത നികുതി ഘടനയിൽ മാറ്റങ്ങൾ

20 (3229) ശ്രീ. കെ. മോഹൻ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മൂല്യവർദ്ധിത നികുതി നടപ്പാക്കാനാവില്ലെന്ന് ഏതെങ്കിലും ഇൻഡ്യൻ സംസ്ഥാനങ്ങൾ നിലപാടെടുത്തിട്ടുള്ളതായി അറിയാമോ ; എങ്കിൽ ഏതെല്ലാം സംസ്ഥാനങ്ങളാണെന്ന് വ്യക്തമാക്കാൻ കഴിയുമോ ;

(ബി) മൂല്യവർദ്ധിത നികുതി ഘടനയിൽ എന്തെല്ലാം മാറ്റങ്ങൾ/വ്യത്യാസങ്ങൾ ഉൾപ്പെടുത്തുമെന്നാണ് സംസ്ഥാന സർക്കാർ അഭ്യർത്ഥിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ ?

ഉത്തരം

(എ) ഔദ്യോഗികമായി അറിയിപ്പൊന്നും ലഭിച്ചിട്ടില്ല.

(ബി) മൂല്യവർദ്ധിത നികുതിയെ സംബന്ധിച്ച് വ്യാപാരികളുടെ സംഘടനകളുമായി നടന്ന ചർച്ചയിൽ ഉയർന്നുവന്ന അഭിപ്രായങ്ങൾ സമന്വയിപ്പിച്ചാണ് നികുതി ഘടനയിൽ ചില മാറ്റങ്ങൾ/ഭേദഗതികൾ നിർദ്ദേശിച്ചിട്ടുള്ളത്. ഇതിൽ വാറ്റ് നിയമത്തിന്റെ പരിധിയിൽപ്പെടാനുള്ള വിറ്റുവരവ് നിലവിലുള്ള രണ്ട് ലക്ഷത്തിൽ നിന്നും 10 ലക്ഷമായി ഉയർത്തുന്നത് ഉന്നതാധികാര സമിതിയുടെ തീരുമാനത്തിനും അവർ പുറപ്പെടുവിച്ച ധവളപത്രത്തിനും അനുസൃതമല്ലെങ്കിലും കേരളത്തിലെ വ്യാപാര സമൂഹത്തിന്റെയും അവരെക്കൂടി പ്രതിനിധാനം ചെയ്യുന്ന നിയമസഭാ സാമാജികരുടേയും ഒന്നടങ്കമുള്ള ആവശ്യമായതിനാൽ ഇക്കാര്യത്തിൽ കേന്ദ്ര തീരുമാനത്തിലും മാറ്റം വരുത്തണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly